"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - നെടുമങ്ങാട് നഗരസഭ - വിവിധ ആരോപണങ്ങളിൽമേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പ്രാഥമിക അന്വേഷണ റിപ്പോർട്ട് - നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.എസ്. നാരായണൻ, റവന്യൂ ഇൻസ്പെക്ടർ ആ്ിയരുന്ന ശ്രീ.ഷിജു എ അസീസ് എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2963/2025/LSGD തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 09.10.2024 തീയതിയിലെE19-(PE-9/2023/SIU-1) 8929/2021/DVACB നമ്പർ കത്തും അനുബന്ധ രേഖകളും
2. ശ്രീ.എസ്. നാരായണൻ, ശ്രീ.ഷിജു എ അസീസ് എന്നിവർക്ക് നൽകിയ 23.01.2025 തീയതിയിലെ ഇയു4/224/2024-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ /പത്രിക.
3. ശ്രീ.എസ്. നാരായണൻ സമർപ്പിച്ച 31.05.2025 തീയതിയിലെ പ്രതിവാദ പത്രിക.
4. ശ്രീ.ഷിജു എ അസീസ് സമർപ്പിച്ച 03.06.2025 തീയതിയിലെ പ്രതിവാദ പത്രിക.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 20.08.2025 തീയതിയിലെ LSGD/PD/3326/2025-VIGA5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

നെടുമങ്ങാട് നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ.എസ്. നാരായണനെതിരെ നഗരസഭ ചെയർപേഴ്സൺ, കൗൺസിൽ യോഗത്തിൽ സമർപ്പിച്ച അടിയന്തിര പ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ള ആരോപണളിൽ അന്വേഷണം ആവശ്യപ്പെട്ട് ബഹു.വിജിലൻസ് ഡയറക്ടർക്ക് നൽകിയ പരാതിയിന്മേലും ശ്രീ.എം.എസ്.വിജയ് എന്നയാൾ ബഹു. കേരള മുഖ്യമന്ത്രിക്ക് നൽകിയ ഇതേ ആരോപണങ്ങളുമായി ബന്ധപ്പെട്ട മറ്റൊരു പരാതിയിന്മേലും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പ്രാഥമിക അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. നെടുമങ്ങാട് നഗരസഭ പരിധിയിലെ എസ്.യു.റ്റി മെഡിക്കൽ കോളേജിലെ അനധികൃത കെട്ടിടങ്ങൾക്ക്, സർക്കാരിന് ലഭിക്കേണ്ട ലക്ഷക്കണക്കിന് രൂപയുടെ നികുതി ഈടാക്കാതെ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റി നൽകിയതായും കാർണിവൽ സാധനങ്ങൾ ഏറ്റെടുത്തതിലേയ്ക്കും ആയവ തിരികെ വിട്ടു നൽകിയതിലേയ്ക്കും യഥാവിധി റെക്കാർഡുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലെന്നും വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. ടി ക്രമക്കേടുകൾക്ക് നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.എസ്. നാരായണൻ, റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.ഷിജു എ അസീസ് എന്നിവർക്കെതിരെ വകുപ്പ്തല അച്ചടക്ക നടപടി സ്വീകരിക്കാൻ വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ശിപാർശ ചെയ്തിരുന്നു.

3. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ.എസ്. നാരായണൻ, ശ്രീ.ഷിജു എ അസീസ് എന്നിവർക്കെതിരെ 1960 ലെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 15

പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.എസ്. നാരായണൻ, ശ്രീ.ഷിജു എ അസീസ് എന്നിവർ യഥാക്രമം പരാമർശം (3) , (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ആയതിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5 ) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. തുടർന്ന് പ്രതിവാദപത്രികയിൽ ആവശ്യപ്പെട്ട പ്രകാരം, ശ്രീ.ഷിജു എ അസീസ്, ശ്രീ.എസ്. നാരായണൻ എന്നിവരെ യഥാക്രമം 14.10.2025, 27.10.2025 എന്നീ തീയതികളിൽ ജോയിന്റ് സെക്രട്ടറി നേരിൽ കേൾക്കുകയും ചെയ്തിരുന്നു.

4. ശ്രീ.എസ്. നാരായണൻ, ശ്രീ.ഷിജു എ അസീസ് എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികയും പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടും പരിശോധിച്ചതിൽ ടി ഉദ്യോഗസ്ഥർ സമർപ്പിച്ചിട്ടുള്ള പ്രതിവാദപത്രിക പൂർണ്ണമായും തൃപ്തികരമല്ലെന്നും അച്ചടക്ക നടപടിയുമായി മുന്നോട്ട് പോകുന്നതിന്റെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്നും കാണുന്നു.

5. ആയതിനാൽ നെടുമങ്ങാട് നഗരസഭയിലെ വിവിധ ആരോപണങ്ങളിൽമേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പ്രാഥമിക അന്വേഷണ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.എസ്. നാരായണൻ, റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.ഷിജു എ അസീസ് എന്നിവർക്കെതിരെ 1960 ലെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അഡിഷണൽ ഡയറക്ടർ ശ്രീ.ഷാജി ക്ലമന്റിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

6. അഡിഷണൽ ഡയറക്ടർ ശ്രീ.ഷാജി ക്ലമന്റ് ടി വിഷയത്തിൽ അന്വേഷണം നടത്തി ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ.ഷാജി ക്ലമന്റ് , അഡിഷണൽ ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തിരുവനന്തപുരം
ശ്രീ.എസ്. നാരായണൻ, മുൻ നഗരസഭ സെക്രട്ടറി (നിലവിൽ സസ്പെൻഷനിൽ)( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ.ഷിജു എ അസീസ്, മുൻ റവന്യൂ ഇൻസ്പെക്ടർ, നെടുമങ്ങാട് നഗരസഭ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/224/2025-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 16-12-2025 10:56:13
സെക്ഷൻ ഓഫീസർ